# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-21, e-mail : mailkeraleeyam@gmail.com

# തലച്ചോറിലെ രക്തപ്രവാഹം വർധിക്കും നാട്ടുകാരെയും പറ്റിക്കും

**തെറ്റായ** പരസ്യം നൽകി ഉപഭോക്താക്കളെ കബളിപ്പിച്ചതിന് ഇന്ദുലേഖ, ധാത്രി, ശ്രീധരീയം തുടങ്ങിയ 'ആയുർവേദ' കമ്പനികളുടെ ഉത്പന്നങ്ങൾ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ പിടിച്ചെടുത്ത വാർത്ത മറച്ചുവച്ച് കേരളത്തിലെ മുഖ്യധാര മാധ്യമങ്ങൾ ഒരിക്കൽക്കൂടി പരസ്യദാതാക്കളോട് കൂറുകാണിച്ചിരിക്കുന്നു. ശ്രീധരീയം സ്മാർട്ട് ലീൻ, ഇന്ദുലേഖ ഗോൾഡ് ഹെയർ കെയർ ഓയിൽ, ധാത്രി ഫെയർ ക്രീം, ധാത്രി ഹെയർ ഓയിൽ എന്നീ പേരുകളിൽ നാളുകളായി ഈ കമ്പനികൾ നാട്ടുകാരെ പറ്റിക്കുകയാണ് എന്ന സത്യം പുറത്തുവന്നിട്ടും മാലോകരിലേക്ക് ആ പരസ്യങ്ങൾ എത്തിച്ച മാധ്യമങ്ങൾ മൗനം ഭജിച്ചു. കമ്പനികളുടെ അവകാശവാദങ്ങൾ വ്യാജമാണെന്നും സർക്കാർ ലൈസൻസ് നൽകിയ ഉൽപ്പന്നങ്ങൾ അല്ല ഈ കമ്പനികൾ വിപണിയിൽ ഇറക്കിയതെന്നും റെയ്ഡിൽ കണ്ടെത്തിയിരുന്നു. തുടർന്ന് അമ്പതു ലക്ഷത്തോളം രൂപയുടെ ഉൽപ്പന്നങ്ങളാണ് ഡ്രഗ്സ് കണ്ട്രോൾ ഉദ്യോഗസ്ഥർ പിടിച്ചെടുത്തത്. ഡ്രഗ്സ് ആൻഡ് മാജിക്കൽ റെമഡീസ് ആക്റ്റ് പ്രകാരം വ്യാജപരസ്യം നൽകിയതിനും മിസ് ബ്രാന്റിംഗ് നടത്തിയതിനും ഉപഭോക്താക്കളെ വഞ്ചിച്ചതിനും കമ്പനികൾക്കെതിരെ കേസെടുത്തിട്ടുണ്ട്. പക്ഷെ, ആരാണ് അപ്പോൾ രക്ഷപെട്ടത്? ആരാണോ ഈ പരസ്യങ്ങൾ വീറോടെ വിളമ്പിയത് അവർ പൊടിയും തട്ടി നടന്നുപോകുന്നു. പരസ്യം വ്യാജമാണോ അല്ലയോ എന്ന് പരിശോധിക്കാതെ, വാർത്തകൾ കൊന്നൊടുക്കി കൊടുക്കുന്ന ന്യൂസ് ഡസ്കുകൾ രക്ഷപ്പെടുന്നു. (ന്യൂസ് ഡസ്കുകൾ എന്ന് മനഃപൂർവ്വം പറഞ്ഞതാണ്. കാരണം പല ബ്യൂറോകളും ഇത്തരം വാർത്തകൾ കൃത്യമായി റിപ്പോർട്ട് ചെയ്ത് ഡസ്കിലേക്ക് അയയ്ക്കുന്നുണ്ടെങ്കിലും പിന്നെ വാർത്തയായി വരുന്നത് കാണാറില്ലെന്നാണ് മാധ്യമ സുഹൃത്തുക്കൾ പറയുന്നത്). വ്യാജപരസ്യങ്ങൾ വീണ്ടുവിചാരമില്ലതെ നൽകുന്നതിന് മാധ്യമങ്ങളും തീർച്ചയായും ശിക്ഷിക്കപ്പെടണം. കാരണം അത്തരം ഉത്പന്നങ്ങൾ പടിക്കപ്പെട്ടാൽ ആ വാർത്ത പോലും കൊടുക്കാത്തതരത്തിൽ ചീഞ്ഞുനാറിയിരിക്കുന്നു അവരുടെ 'ധാർമ്മികത'. താരങ്ങളാണ് മറ്റൊരു വിഭാഗം. നാളുകളായി എത്രയോ മാരകവിഷങ്ങൾ ബ്രാൻഡ് ചെയ്തിട്ടും മമ്മൂട്ടിയും മോഹൻലാലും മുതൽ എന്തിന് സജിത മഠത്തിൽ വരെ നിരപരാധികളായി തുടരുന്നു. കൊക്കക്കോളയുടെ പരസ്യത്തിൽ സർവ്വവും മറന്ന് അഭിനയിച്ച അമീർഖാൻ സാമൂഹികപ്രവർത്തനത്തിനിറങ്ങുന്നു (സത്യമേവ ജയതേ!).

തലച്ചോറിലെ രക്തപ്രവാഹം വർധിക്കും, പുതിയ മുടുയിഴകൾ വളർത്തും എന്നെല്ലാം പരസ്യത്തിൽ പറയുന്ന ഇന്ദുലേഖയുടെ ഉത്പന്നങ്ങൾ പിടിച്ചപ്പോൾ, 10 രൂപപോലും മുതൽ മുടക്കില്ലാത്ത സാധനങ്ങളാണ് 400 രൂപയ്ക്ക് മാർക്കറ്റിൽ വിൽക്കുന്നതെന്ന ഞെട്ടിക്കുന്ന കാര്യവും അറിയാൻ കഴിഞ്ഞു. ഈ കൊള്ളലാഭം കയ്യിലുള്ളപ്പോൾ ഈ നാട്ടിൽ ആരെയാണ് പേടിക്കേണ്ടത്? പങ്കുപറ്റുന്ന മാധ്യമങ്ങൾക്കും നെഞ്ചുവിരിച്ചുതന്നെ നടക്കാം!.

**ജോൺസി മറ്റത്തിൽ,** പ്രവിത്താനം, കോട്ടയം

**അന്തരിച്ച കാർട്ടൂണിസ്റ്റ് കെ. ഭരതന് ആദരാഞ്ജലികൾ.**
**ഭരതൻ അവസാനമായി കേരളീയത്തിലേക്ക് അയച്ചുതന്ന കാർട്ടൂൺ**

